ഉപയോഗിച്ചുള്ള ഡി.ജെ. പാർട്ടികൾ നിരോധിക്കുന്നതിനും പാർട്ടികളിൽ മയക്കുമരുന്നുകൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനും ശക്തമായ നടപടി സ്വീകരിച്ചുവരുന്നു. വിദേശ നിർമ്മിത മയക്കുമരുന്നുകൾ സംസ്ഥാനത്ത് എത്തുന്നത് തടയാൻ ശക്തമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. കൂടാതെ കേന്ദ്ര എൻഫോഴ്സ്മെന്റ് ഏജൻസിയായ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയും, സംസ്ഥാന പോലീസും, കസ്റ്റംസ് ഇതര എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് വിദേശ നിർമ്മിത മയക്കുമരുന്നുകൾ സംസ്ഥാനത്ത് എത്തുന്നത് തടയാൻ ആകാശമാർഗ്ഗവും കടൽമാർഗ്ഗവും കരമാർഗ്ഗവും സംസ്ഥാനത്തേക്ക് വരുന്നവരെ കർശന പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. വിദേശ വിനോദ സഞ്ചാരികളുടെ പ്രവർത്തനങ്ങളും നിരീക്ഷിച്ചുവരുന്നു. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പ്രത്യേക പരിശോധനകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011 മേയ് മുതൽ 2015 ജൂൺ വരെ 3135 എൻ.ഡി.പി.എസ്. കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയുടെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു :

വർഷം	കേസ്സുകളുടെ എണ്ണം
2011 മേയ് മുതൽ ഡിസംബർ വരെ	241
2012 ജനുവരി മുതൽ ഡിസംബർ വരെ	563
2013 ജനുവരി മുതൽ ഡിസംബർ വരെ	793
2014 ജനുവരി മുതൽ ഡിസംബർ വരെ	970
2015 ജനുവരി മുതൽ ജൂൺ വരെ	568
ആകെ	3135

പുതിയ എക്സൈസ് നയംമൂലം അടച്ചുപൂട്ടിയ ബാറുകളിലെ പ്രശ്നങ്ങൾ

97 (2916) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ എക്സൈസ് നയത്തിന്റെ ഭാഗമായി എത്ര ബാറുകളാണ് അടച്ചു പൂട്ടിയിട്ടുള്ളത് ;

(ബി) ഇപ്പോൾ എത്ര ബാറുകളാണ് പ്രവർത്തിച്ചുവരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതുതായി അടച്ചുപൂട്ടിയ ബാറുകളിൽ എത്ര എണ്ണത്തിലാണ് ബീയർ& വൈൻ പാർലർ അനുവദിച്ചിട്ടുള്ളത് ;

(ഡി) മുൻപ് പ്രവർത്തിച്ചിരുന്ന ബാറിലെ തൊഴിലാളികൾക്ക് അവിടെ അനുവദിച്ചിട്ടുള്ള ബീയർ & വൈൻ പാർലറുകളിൽ തൊഴിൽ നൽകുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ എത്ര തൊഴിലാളികൾക്കാണ് നഷ്ടപ്പെട്ട തൊഴിൽ തിരിച്ചു കിട്ടിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പുതിയ എക്സൈസ് നയത്തിന്റെ ഭാഗമായി 710 ബാറുകൾ അടച്ചു പൂട്ടുകയുണ്ടായി.

(ബി) ഇപ്പോൾ 27 ബാറുകളാണ് പ്രവർത്തിച്ചുവരുന്നത്.

(സി) അടച്ചുപൂട്ടിയ ബാറുകളിൽ 674 എണ്ണത്തിനാണ് ബീയർ & വൈൻ പാർലർ അനുവദിച്ചിട്ടുള്ളത്.

(ഡി) 31-3-2014-ൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്കെല്ലാം തന്നെ ജോലി നൽകാമെന്ന ലൈസൻസികളുടെ ഉറപ്പിന്മേലാണ് അടച്ചുപൂട്ടിയ ബാർ ഹോട്ടലുകളിൽ ബീയർ & വൈൻ പാർലർ ലൈസൻസുകൾ അനുവദിച്ചു നൽകിയിട്ടുള്ളത്.

(ഇ) 9256 തൊഴിലാളികൾക്ക് തൊഴിൽ തിരികെ ലഭിച്ചിട്ടുണ്ട്.

സുബോധം പദ്ധതി

98 (2917) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പ് സുബോധം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly